നടന്നുവരുന്നു. ഓഡിറ്റർ തസ്തികയിലെ ഒഴിവുകളിൽ സ്ഥിരനിയമനം നടത്തുന്നതിനുള്ള ലിസ്റ്റ് പി. എസ്. സി. പ്രസിദ്ധീകരിക്കുകയും നടപടികൾ ഊർജ്ജിതമായി കൈക്കൊണ്ടു വരികയുമാണ്. ഓഡിറ്റ് വിഭാഗം വേർപെടുത്തുക, ഒഴിവുകൾ നികത്തുക എന്നീ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാകുന്നതും അതുവഴി കുടിശ്ശിക തീർക്കാനും അതാതു വർഷങ്ങളിൽതന്നെ ഓഡിറ്റ് പൂർത്തിയാക്കാനും കഴിയുന്നതാണ്.

സഹകരണ സംഘം ജീവനക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് നൽകാതിരുന്നതായ പരാതി

106 (258) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ ഒഴിവുകൾക്ക് പി.എസ്.സി.യിൽ അപേക്ഷ നൽകുവാൻ സംഘങ്ങളിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് മതിയായ പരിചയ സർട്ടിഫിക്കറ്റ് നൽകാതിരുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് പരാതികൾ സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിച്ചു.

(ബി) രണ്ട് പരാതിക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. മറ്റൊരാളുടെ പരിചയ സർട്ടിഫിക്കറ്റ് നൽകാൻ ബന്ധപ്പെട്ട അധികാരിക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പരാതിക്കാരൻ സർട്ടിഫിക്കറ്റ് നാളിതുവരെ കൈപ്പറ്റിയിട്ടില്ല.

ട്രഷറികളിൽ നിക്ഷേപം നടത്തിയ ജില്ലാ സഹകരണ ബാങ്കുകൾ

107 (259) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകളാണ് ട്രഷറികളിൽ നിക്ഷേപം നടത്തിയിട്ടുള്ളത് ;

(ബി) എന്ത് തുക വീതമാണ് ഈ ജില്ലാ ബാങ്കുകൾ ട്രഷറിയിൽ അടച്ചിട്ടുള്ളത് ;

(സി) പ്രസ്തുത ജില്ലാ ബാങ്കുകൾ സംസ്ഥാന സഹകരണബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര തുക വീതമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ ട്രഷറികളിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി)	തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്	50	കോടി രൂപ
	കൊല്ലം "	75	"
	പത്തനംതിട്ട "	36.65	"
	കോട്ടയം "	35	"
	ഇടുക്കി "	175	"
	എറണാകുളം "	55	"
	തൃശ്ശൂർ "	102.85	"
	പാലക്കാട് "	100	"
	മലപ്പുറം "	100	"
	കോഴിക്കോട് "	20	"

(സി) ഉണ്ട്.

(ഡി)	കൊല്ലം ജില്ലാ സഹകരണ ബാങ്ക്	77.78	കോടി രൂപ
	പത്തനംതിട്ട "	26.06	"
	ഇടുക്കി "	215.35	"
	പാലക്കാട് "	101.77	"
	മലപ്പുറം "	100.73	"
	കോഴിക്കോട് "	27.05	"
	തൃശ്ശൂർ "	1.72	"
	എറണാകുളം "	3.05	"
	തിരുവനന്തപുരം "	23.70	"
	കോട്ടയം "	2.78	"

നബാർഡിന്റെ പുനർവായ്പാ സഹായം

108 (260) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട പുനർവായ്പ സഹായം ഇപ്പോൾ ലഭിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly